**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2860 — 10.03.2017-ൽ മറുപടിക്ക്

# ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തിക

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ വ്യക്തത ആവശ്യപ്പെട്ട് പി.എസ്.സി. നൽകിയ കത്തിന് സാങ്കേതിക വിദ്യഭ്യാസ വകുപ്പ് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ചുള്ള സ്പഷ്ടീകരണത്തിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ; ഉന്നതവിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ സ്പഷ്ടീകരണം നൽകണമെന്ന് പി.എസ്.സി ആവശ്യപ്പെട്ടിരുന്നു. 17.1.2017 ലെ എൽ2-149/2016/ഉവിവ നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. |
| (ബി) 12.10.2012-ലെ ജി.ഒ.(പി) 503/2012/ ഉ.വി.വ. പ്രകാരം സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായിരുന്ന യോഗ്യതകൾ വിശദമാക്കാമോ; | (ബി) 12.10.2012 ലെ ജി.ഒ (പി) 503/2012/ഉവിവ പ്രകാരമുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുമ്പ് ജി.ഒ (എം.എസ്) 783, തീയതി 11.10.1960 പ്രകാരം ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയുടെ യോഗ്യത താഴെ പറയും പ്രകാരമായിരുന്നു.<br>1. S.S.L.C.<br>2. Higher Grade MGTE or KGTE in the subjects to be taught. |

(സി) ഡിപ്ലോമ ഇൻ ഷോർട്ട് ഹാൻഡ് ആന്റ് ടൈപ്പ്റൈറ്റിംഗ് എന്ന കോഴ്സ്, ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് ആയി പുനർ നാമകരണം ചെയ്തതിനാൽ പ്രസ്തുത രണ്ടു കോഴ്സുകളും അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയ്ക്ക് വേണ്ട യോഗ്യതയായി പരിഗണിക്കാമോ; വിശദമാക്കാമോ ?

(സി) 6.1.2003 ലെ സ.ഉ.(ആർ.റ്റി) നം. 21/2013/ഉവിവ പ്രകാരം ഡിപ്ലോമ ഇൻ ഷോർട്ട് ഹാൻഡ് ആന്റ് ടൈപ്പ്റൈറ്റിംഗ് എന്ന കോഴ്സ്, ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് ആയി പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇവ രണ്ട് കോഴ്സുകളല്ല. അതിനാൽ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയ്ക്ക് വേണ്ട യോഗ്യതയായി പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ